ഉന്നതനേശു ക്രിസ്തുവിൻ നാമം

ഉർവ്വിയിലെങ്ങും ഉയർത്തിടാം

ഉണർന്നിടാം ബലം ധരിച്ചീടാം

ഉയർപ്പിൻ രാജൻ എഴുന്നള്ളാറായ്

ദൈവകൃപകൾ  പെരുകിടട്ടെ ദൈവ മഹിമയ്ക്കായി

ജീവൻ ത്യജിച്ചീടുക വേല തികച്ചീടുക –2

നീതിമാൻറെ നിലവിളി കേട്ടു

വിടുവിച്ചീടും തൻ കരത്താൽ

അവങ്കലേക്കു നോക്കിടും മുഖങ്ങൾ

അവനിലെന്നും മോദിച്ചിടും                    ദൈവ..

ആശ്രയം ആരും ഇല്ലെന്നു ചൊല്ലി

ആധിയിലാണ്ടു വലയേണ്ടാ

ആശ്രിതർക്കാലംബം യേശുതാനല്ലോ

ആകുലമെല്ലാം നീക്കിടുക               ദൈവ...

പാതയ്ക്കു ദീപം യേശുതാനല്ലോ

പാതവിട്ടോടിപ്പോയിടല്ലേ

പതറിടാതെ പാദങ്ങൾ വയ്ക്കാം

പതിയ്ക്കയില്ല നിലംപരിചായ്               ദൈവ...

മുട്ടോളമല്ല അരയോളമല്ല

പഥ്യമാം വെള്ളം ഒഴുകിടുന്നു

നീന്തീട്ടല്ലാതെ കടപ്പാൻ വയ്യാത്ത

ആത്മനദിയിൽ ആനന്ദിയ്ക്കാം               ദൈവ...

Unnathaneshu kristhuvin naamam

urvviyilengum uyartthidaam 2

unarnnidaam balam dhariccheedaam

uyarppin raajan ezhunnallaaraayu 2

daivakrupakal perukidatte dyva mahimaykkaayi

jeevan thyajiccheeduka vela thikaccheeduka -2

neethimaante nilavili kettu

vituviccheedum than karatthaal 2

avankalekku nokkidum mukhangal

avanilennum modicchidum 2 daiva..

aashrayam aarum illennu cholli

aadhiyilaandu valayendaa 2

aashritharkkaalambam yeshuthaanallo

aakulamellaam neekkiduka 2 daiva...

paathaykku deepam yeshuthaanallo

Paathavittodippoyidalle 2

patharidaathe paadangal vaykkaam

pathiykkayilla nilamparichaayu 2 daiva...

muttolamalla arayolamalla

pathyamaam vellam ozhukidunnu 2

neentheettallaathe kadappaan vayyaattha